# 26. രാഷ്ട്രപതി ജ്ഞാനി സെയിൽസിങ്ങ്

ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്രപതി ഒരു ഹരിജനസ്ത്രീ ആയിരിക്കണമെന്ന് മഹാത്മാഗാന്ധി ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ, ഗാന്ധിജിയുടെ ശിഷ്യന്മാർക്ക് ഈ അഭിപ്രായം സ്വീകാര്യമായില്ല. രാഷ്ട്രത്തിന്റെ പ്രതീകമായ രാഷ്ട്രപതിസ്ഥാനത്തിന്റെ അന്തസ്സ് പുലർത്തുന്നതിന് സർവഥാ കഴിവുള്ളവർ വേണം ആ സ്ഥാനത്തേക്ക തിരഞ്ഞെടുക്കപ്പെടാൻ എന്ന് അവർ കരുതി. അങ്ങനെയാണ് രാജേന്ദ്ര പ്രസാദ് ഇന്ത്യയുടെ ഒന്നാമത്തെ രാഷ്ട്രപതിയായത്.

'അന്തസ്സ്' എന്നാൽ എന്ത് എന്നതായിരുന്നു ഇവിടെ അടിസ്ഥാന പ്രശ്നം. ഇന്ത്യയിലെ ഏററവും അധികം അടിച്ചമർത്തപ്പെട്ട വിഭാഗത്തിന്റെ അന്തസ്സാണ് ഇന്ത്യയുടെ അന്തസ്സ് എന്ന് മഹാത്മാഗാന്ധി വിശ്വസിച്ചു. ഭാരതീയ സമൂഹത്തിൽ എല്ലാവരാലും ചവിട്ടിമെതിക്കപ്പെടുന്നത് ഹരിജനസ്ത്രീകളാണല്ലോ. ഹരിജനസ്ത്രീകളുടെ അന്തസ്സ് ഉയരുന്ന തോതിന മാത്രമേ ഇന്ത്യൻ രാഷ്ട്രത്തിന്റെ അന്തസ്സ് ഉയരുകയുള്ളു. ഹരിജനസ്ത്രീകളുടെ അന്തസ്സ് ഉയരുമ്പോഴ, അതോടൊപ്പം, മററ് എല്ലാവരുടെയും അന്തസ്സ് ഉയരുകയും ചെയ്യും.

ഗാന്ധിജിക്ക പകൽവെളിച്ചംപോലെ പ്രത്യക്ഷമായിരുന്ന ലളിതമായ ഈ പരമാർത്ഥം, പക്ഷേ, ഗാന്ധിജിയുടെ അടുത്ത ശിഷ്യന്മാർപോലും അംഗീകരിച്ചില്ല. അവരുടെ നോട്ടം ഇന്ത്യയിലേക്കായിരുന്നില്ല. പാശ്ചാത്യ രാജ്യങ്ങളിലേക്കായിരുന്നു. പരിഷ്കൃത പാശ്ചാത്യരാജ്യങ്ങളുടെ പ്രസിഡണ്ടുമാരുമായി താരതമ്യപ്പെടുത്തുമ്പോഴ പുതിയ ജനാധിപത്യ ഇന്ത്യയുടെ പ്രസിഡണ്ടിന് ഒരു അപകർഷവും ഉണ്ടായിരിക്കരുത് എന്നതിലായിരുന്നു അവരുടെ നിഷ്കർഷ. ഇന്ത്യയുടെ പ്രസിഡണ്ട് ലോക രാഷ്ട്രീയനേതാക്കളുമായി, ആ നേതാക്കളുടെ നിലവാരത്തിൽ, സംസാരിക്കണം; അവരെപ്പോലെ പെരുമാറണം; കഴിയുമെങ്കിൽ പൊതുവേദികളിൽ അവരേക്കാൾ ഒരിഞ്ച് എങ്കിലും ഉയർന്നുനില്ക്കുകയും വേണം. കുലീനരും, പ്രതിഭാശാലികളും, അത്യുന്നതമായ ആധുനികവിദ്യാഭ്യാസം നേടിയവരും, വാഗ്മികളും, ബഹുഥാ പ്രശസ്തരുമായ വ്യക്തികളിൽനിന്നുവേണം ഇന്ത്യയുടെ രാഷ്ട്രപതിയെ തിരഞ്ഞെടുക്കാനെന്ന് ഗാന്ധിജിയുടെ ശിഷ്യന്മാർ കരുതി, അപ്രകാരം പ്രവർത്തിച്ചതിൽ അത്ഭുതമില്ല.

മറിച്ച്; ഗാന്ധിജി വിഭാവനം ചെയ്തപോലെ ഒരു ഹരിജനസ്ത്രീയെ-പെട്ടെന്ന് ഓർമ വരുന്ന പേര് ശ്രീമതി ദാക്ഷായണി വേലായുധന്റേതാണ്—ഇന്ത്യയുടെ ഒന്നാമത്തെ രാഷ്ട്രപതിയായി തിരഞ്ഞെടുത്തിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? പ്രസിഡണ്ടിന് ഇന്ത്യൻ ഭരണഘടന നൽകുന്ന സ്ഥാനം ഏറെക്കുറെ ആലങ്കാരികവും പ്രതീകാത്മകവുമായതിനാൽ, ജവാഹർലാൽ നെഹ്റു പ്രധാനമന്ത്രിയായി നയിച്ചിരുന്ന ഇന്ത്യയുടെ ഭരണസംവിധാനത്തിന് ആരെ പ്രസിഡണ്ടായി തിരഞ്ഞെടുത്താലും വലിയ കുഴപ്പമൊന്നും നേരിടുമായിരുന്നില്ല. അതേ സമയം ഇന്ത്യയിലെ അധഃകൃതവർഗങ്ങൾക്കിടയിൽ ത്വരിതവും സമൂലവുമായ ഉണർവ് ഉളവാകുന്നതിന്, ഒരു ഹരിജനസ്ത്രീയെ പ്രസിഡണ്ടായി തിരഞ്ഞെടുക്കുന്നത് ഉത്തേജനം നൽകുമായിരുന്നു എന്നതിലും സംശയമില്ല. ഈ രാഷ്ട്രത്തിനു നൽകാൻ കഴിയുന്നതിൽ ഏററവും ഉത്കൃഷ്ടമായ പദവി തങ്ങളുടെ ഇടയിൽനിന്ന് ഒരു സാധാരണ സ്ത്രീക്ക നൽകപ്പെട്ടതായി അറിയുന്നതോടെ അധഃകൃതരുടെ അഭിമാനബോധം തീർച്ചയായും വിജൃംഭിക്കുമായിരുന്നു.

അഞ്ചേക്കർ തറവിസ്താരവും മുന്നൂററിനാല്പതു മുറികളും മുപ്പത്തേഴ സ്വീകരണ മുറികളും ഒന്നരനാഴിക നീളത്തിൽ ഇടനാഴികളുമുള്ള ദില്ലിയിലെ രാഷ്ട്രപതി ഭവനം, സാരാംശത്തിൽ, തങ്ങളുടെ ഓരോരുത്തരുടെയും മൺകുടിലിൽനിന്നു വളരെയൊന്നും വ്യത്യസ്തമല്ലെന്ന വിചാരം അവരിൽ അനായാസമായിത്തന്നെ വളരുമായിരുന്നു. മമതയുടേതായ ഒരു പൊക്കിഠംക്കൊടി രാഷ്ട്രപതി ഭവനവുമായി ഇന്ത്യയിലെ ഓരോ ചെററപ്പുരയേയും ബന്ധപ്പെടുത്തുമായിരുന്നു. അതുല്യമായ ഒരു സമഗ്രസാമൂഹ്യവിപ്ലവത്തിന് ഇതു വഴിയൊരുക്കമായിരുന്നു. ഹരിജനങ്ങളുടേതിനോടൊപ്പം എല്ലാ വർഗങ്ങളിലും ജാതികളിലുംപെട്ട സ്ത്രീകളുടെ അന്തസ്സുയർത്തുന്നതിനും അതു് ഇടവരുത്തുമായിരുന്നു. അങ്ങനെ സംഭവിച്ചാൽ, ഹരിജനമർദനങ്ങഠം, സ്ത്രീഹത്യകഠം, സാമൂഹിക ബലാത്സംഗങ്ങഠം മുതലായവയുടെ പരിതാപകരങ്ങളായ ഇത്രയധികം കഥകഠം ആവർത്തിച്ചു കേട്ട് നമുക്ക് ലജ്ജിതരും നിസ്സഹായതാബോധത്താൽ വിവശരും ആകേണ്ടിവരുമായിരുന്നില്ല.

ഏഴാമത്തെ രാഷ്ട്രപതി ശ്രീ സെയിൽസിങ്ങ് ഒരു ഹരിജനല്ല; വനിതയുമല്ല. എന്നാലും അദ്ദേഹം പിന്നോക്കം നില്ക്കുന്ന ഒരു വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്. പിന്നീടു കൃഷിക്കാരായി മാറിയ ആശാരിമാരുടെ കുടുംബത്തിൽപ്പിറന്ന ഒരു ഗ്രാമീണനാണ് അദ്ദേഹം. എസ്. എസ്. എൽ സി. വരെ കഷ്ടിച്ചു പഠിക്കാനേ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. ശ്രീ സെയിൽസിങ്ങിൻെറ മകൻ ശ്രീ ജോഗീന്ദർസിങ്ങിനും സ്കൂഠം പഠിപ്പു മുഴവനാക്കാൻ കഴിഞ്ഞിട്ടില്ല. കുടുംബസ്വത്തായ അമ്പത്തേഴ് ഏക്കർ വയലിൽ കൃഷി ചെയ്ത് കുഗ്രാമമായ സാന്ത്വാനിൽ താമസിക്കുകയാണദ്ദേഹം. സെയിൽസിങ്ങിൻെറ ഭാര്യയും ഒരു ഗ്രാമീണ കർഷകവനിതയുടെ എളിയ ജീവിതം തുടരുകയാണ്. ഗ്രാമത്തിലും കൃഷിയിലുമുള്ള തൻെറ വേരുകഠം ഇനിയും ഉണക്കിക്കളയാത്ത ഒരാഠം ഇപ്പോഴെങ്കിലും ഇന്ത്യയുടെ രാഷ്ട്രപതിയായെന്നതു് ഒരു നല്ല കാര്യമാണ്.

ശ്രീ സെയിൽസിങ്ങിനു ധാരമുറിയാതെ ഇംഗ്ലീഷ് സംസാരിക്കാനാവില്ല എന്നതു വാസ്തവമത്രേ. ഇംഗ്ലീഷുകാരേക്കാഠം ഭംഗിയായി ഇംഗ്ലീഷ് സംസാരിക്കുകയും എഴുതുകയും ഇംഗ്ലീഷിൽ ചിന്തിക്കുകയും സ്വപ്നം കാണുകയും ഒക്കെ ചെയ്തിരുന്നവർ നമ്മുടെ രാഷ്ട്രപതിമാരായിരുന്നു. എന്തു ഫലം? ഇന്ത്യയുടെ പ്രസിഡണ്ടിന് മാസത്തിൽ പതിനായിരം രൂപ ശമ്പളവും, ചക്രവർത്തിതുല്യമായ മറ്റു സൗകര്യങ്ങളും ഈ ദരിദ്രരാജ്യം നൽകുന്നതു്, അദ്ദേഹം മറുനാട്ടുകാരുമായി ഓക്സ്ബ്രിജ് ആക്സെൻറിൽ ഇംഗ്ലീഷ് സംസാരിക്കാനല്ല. വിദേശീയ നയതന്ത്ര പ്രതിനിധികളുമായി, ആ തലത്തിൽ, അദ്ദേഹം ഇടപെടേണ്ടതുമില്ല. അതിനൊക്കെ വേറെ ആളുകളുണ്ട്. മൂന്നു കാര്യങ്ങഠം താൻ അനുഷ്ഠിക്കുമെന്നാണ്, രാഷ്ട്രപതിസ്ഥാനം ഏറെറടുക്കുമ്പോഠം ഒരാഠം പ്രതിജ്ഞ ചെയ്യുന്നതു്.

1. ഇന്ത്യയുടെ പ്രസിഡണ്ട് എന്ന ജോലി വിശ്വസ്തതയോടെ താൻ നിർവഹിക്കും.

2. തൻെറ കഴിവനുസരിച്ച് ഇന്ത്യയുടെ ഭരണഘടനയേയും ഇവിടത്തെ നിയമത്തേയും നിലനിർത്തുകയും സംരക്ഷിക്കുകയും എതിർക്കപ്പെടാതെ നോക്കുകയും ചെയ്യും.

3. ഇന്ത്യയിലെ ജനങ്ങളുടെ നന്മയ്ക്കും സേവനത്തിനുമായി തന്നെത്താൻ സമർപ്പിക്കും.

ഈ മൂന്നു കർത്തവ്യങ്ങളും നിർവഹിക്കുന്നതിനു വലിയ ഇംഗ്ലീഷ് വായാടിത്തമൊന്നും ആവശ്യമില്ല.

ഇപ്പറഞ്ഞതിനർത്ഥം ശ്രീ സെയിൽസിങ്ങ് അശിക്ഷിതനാണെന്നല്ല. സിഖ്മത സാഹിത്യത്തിൽ ചെറുപ്പകാലത്തു നേടിയ അവഗാഹമാണ 'ജ്ഞാനി' എന്ന ബിരുദത്തിന് അദ്ദേഹത്തെ അർഹനാക്കിയതു്.

ഹിന്ദി, ഉർദു, പഞ്ചാബി എന്നീ മൂന്നു ഭാഷകളിലും, അവയിലടങ്ങിയ വിശിഷ്ടമായ സാഹിത്യത്തിലും അദ്ദേഹത്തിനു നല്ല പരിജ്ഞാനമുണ്ട്. ഈ പരിജ്ഞാനത്തെ ആസ്പദമാക്കി പഞ്ചാബി യൂനിവേഴ്സിററി അദ്ദേഹത്തിന് ഡോക്ടർ ബിരുദം നൽകിയിട്ടുമുണ്ട്. യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, നമ്മുടെ ചില മുൻ പ്രസിഡണ്ടുമാരേക്കാൾ ശ്രീ സെയിൽസിങ്ങ് ഒന്നുകൊണ്ടും താഴെയാണെന്നു തോന്നുന്നില്ല.

ശ്രീ സെയിൽസിങ്ങ് ഒരു കോൺഗ്രസ്സുകാരനാണ്. കേരള മുഖ്യമന്ത്രി ശ്രീ കരുണാകരനെപ്പോലെ, അദ്ദേഹം ഇന്നോളം കോൺഗ്രസ്സിൽ പതറാതെ, പാർട്ടി മാറാതെ, ഉറച്ചുനിന്നു; പാർട്ടിയുടെ തൃണമൂലതലത്തിൽ പ്രവർത്തിച്ചു പടിപടിയായി ഉയർന്നുവന്നു; പാർട്ടിയിലും ഗവണ്മെൻറിലും പല ചുമതലകൾ വഹിച്ചു; എല്ലാ അവസരത്തിലും ശ്രീമതി ഇന്ദിരാഗാന്ധിയോടു കൂറ് പുലർത്തി. ശ്രീ സെയിൽസിങ്ങിനെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കുന്നതിന് എതിരായി ഈ കാരണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. 'അദ്ദേഹത്തെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കുന്നതു്; രാജ്യത്തിലെ ജനാധിപത്യ സ്ഥാപനങ്ങളുടെ ശവപ്പെട്ടിമേൽ മറെറാരാണി കൂടി തറയ്ക്കുകയായിരിക്കും' എന്ന് ശ്രീ ചരൺസിങ്ങ് പ്രസ്താവിച്ചിട്ടുണ്ട്. 'നാടിന് ഒരു ദുർഭാഗ്യം. ഇരുണ്ട ദിനങ്ങളാണ് ഇന്ത്യയെ കാത്തിരിക്കുന്നതു്.' എന്നും, രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിനു ശേഷം, ചരൺസിങ്ങ് പറയുകയുണ്ടായി.

ഇതിനൊന്നും അർത്ഥവുമില്ല.

മുൻ രാഷ്ട്രപതിമാരിൽ പലരും ഉറച്ച കോൺഗ്രസ്സുകാരായിരുന്നു. പാർട്ടിയുമായുള്ള ഈ ബന്ധം അവരുടെ നിഷ്പക്ഷതയെ ബാധിച്ചതായി ആവലാതിയുണ്ടായിട്ടില്ല. പ്രധാനമന്ത്രിയോടുള്ള വിശ്വസ്തത രാഷ്ട്രപതിക്ക് ഒരു അയോഗ്യതയാവണമെന്നില്ല. ഡോക്ടർ അംബേഡ്കറുടെ നിർവചനപ്രകാരം, 'പ്രസിഡണ്ട് സ്റ്റേററിന്റെ തലവൻ മാത്രമാണ്, അതിന്റെ നിർവഹണാധികാരിയല്ല. പ്രസിഡണ്ട് രാഷ്ട്രത്തിന്റെ പ്രതിനിധിയാണ്. പക്ഷേ, രാജ്യം ഭരിക്കുന്നതു പ്രസിഡണ്ടല്ല, രാജ്യത്തിന്റെ പ്രതീകം മാത്രമാണ് പ്രസിഡണ്ട്. രാഷ്ട്രത്തിന്റെ തീരുമാനങ്ങൾ പരസ്യപ്പെടുത്തുമ്പോൾ ഉപയോഗിക്കുന്ന മുദ്രയിലെ ആചാരപ്രധാനങ്ങളായ ചിത്രങ്ങൾക്കുള്ള സ്ഥാനമേ ഭരണത്തിൽ പ്രസിഡണ്ടിനുള്ളൂ.' തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെൻറ് ഭരണഘടനാവിധേയമായി പ്രവർത്തിക്കുന്ന കാലത്തോളം പ്രസിഡണ്ട് പ്രധാനമന്ത്രിയുടെ അഭിപ്രായങ്ങൾക്കു വിധേയനായിരിക്കണം. അതാതുകാലത്തെ ഗവണ്മെൻറിന്റെ നയപരിപാടികൾക്കനുസരിച്ചു പ്രവർത്തിക്കാൻ പ്രസിഡണ്ട് ബാദ്ധ്യസ്ഥനാണെന്നു 1976-ൽ അടിയന്തരാവസ്ഥക്കാലത്തു പാസ്സാക്കിയ 42-ാം ഭരണഘടനാഭേദഗതി വ്യക്തമായി അനുശാസിക്കുന്നു. അടിയന്തരാവസ്ഥയിലെ സംവിധാനങ്ങളെല്ലാം ഉപാളിച്ചുകളയാൻ വ്യഗ്രത കാണിച്ച ജനതാ പാർലമെൻറ് ഈ ഭേദഗതി ഭേദഗതി ചെയ്യുകയുണ്ടായില്ല. പകരം, ഗവണ്മെൻറിന്റെ ഏതെങ്കിലും തീരുമാനത്തിൽ പ്രസിഡണ്ടിന് എതിരഭിപ്രായമുണ്ടെങ്കിൽ, ആ തീരുമാനം പാർലമെൻറ് ഒരിക്കൽക്കൂടി പര്യാലോചിക്കണമെന്നു നിർദേശിക്കാൻ പ്രസിഡണ്ടിന് 44-ാം ഭരണഘടനാഭേദഗതി മുഖേന അധികാരം നൽകുകയേ ജനതാ പാർലമെൻറ് ചെയ്തുള്ളൂ. പ്രസിഡണ്ടിന് പ്രധാനമന്ത്രിയോടു കൂറുണ്ടായിരിക്കണമെന്നാണ് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നതെന്നുതന്നെയാണ് ഇതിന്നർത്ഥം. ജനതാ ഗവണ്മെൻറിന്റെ തീരുമാനമനുസരിച്ച് 1977-ൽ ആറു സ്റ്റേററുകളിലെ ജനകീയമന്ത്രിസഭകളെ ഒരുമിച്ചു പിരിച്ചുവിടാൻ ആക്ടിംഗ് പ്രസിഡണ്ട് ശ്രീ ജെട്ടി ഇരുപത്തിനാലു മണിക്കൂർ

വൈകിച്ചപ്പോൾ പ്രധാനമന്ത്രിയായിരുന്ന ശ്രീ മൊറാർജി ദേശായി ശ്രീ ജെട്ടിയെ ഭീഷണിപ്പെടുത്തുകയും, ഭരണകക്ഷിക്കാർ ആൾക്കൂട്ടങ്ങളെ കൂട്ടി രാഷ്ട്രപതിഭവനം വളയാൻ തയ്യാറെടുക്കുകയും ചെയ്തു എന്ന വസ്തുതയും ഈ സന്ദർഭത്തിൽ ഓർത്തിരിക്കേണ്ടതുണ്ട്. ജനതാഭരണത്തിന്റെ അവസാന ഘട്ടത്തിൽ, 1979-ൽ സംഭവിച്ചതുപോലെ, തിരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ഇല്ലാതാവുന്ന സന്ദർഭത്തിലേ രാഷ്ട്രപതിക്കു സ്വന്തം വിവേചനാധികാരം ഉപയോഗപ്പെടുത്തേണ്ടിവരുകയുള്ളു. അത്തരം ഘട്ടങ്ങളിൽ ശരിയായ ഉപദേശം തേടാനും അതു നടപ്പിൽ വരുത്താനുമുള്ള സാമാന്യബുദ്ധിയാണ് രാഷ്ട്രപതിക്ക് ആവശ്യം. കോൺഗ്രസ് കക്ഷിയോടോ ഇന്ദിരാഗാന്ധിയോടോ കൂറു പുലർത്തുന്നു എന്നത് രാഷ്ട്രപതിസ്ഥാനത്തിന് ശ്രീ സെയിൽസിങ്ങിനെ അയോഗ്യനാക്കുന്നില്ലെന്ന് ഇത്രയും പറഞ്ഞതിൽനിന്നു വ്യക്തമായിരിക്കും.

പഞ്ചാബ് മുഖ്യമന്ത്രിയായിരിക്കേ ശ്രീ സെയിൽസിങ്ങ് കൈക്കൊണ്ട ചില നടപടികളെപ്പററി ജനതാ സർക്കാർ നിയമിച്ച ഒരു കമ്മീഷൻ ചില ആരോപണങ്ങളുന്നയിച്ചിരുന്നു എന്നതാണ് അദ്ദേഹത്തിന്നെതിരെ പറയപ്പെട്ടിരുന്ന ഒരു കാര്യം. ഈ കമ്മീഷന്റെ റിപ്പോർട്ടുകൾ പഞ്ചാബ് ഗവണ്മെൻറ് തള്ളിക്കളയുകയാണ് ചെയ്തിട്ടുള്ളത്. 'രാഷ്ട്രീയപക്ഷപാതമുള്ളതായിരുന്നു ആ കമ്മീഷൻ. അവർ നിരന്തരം ക്ഷുദ്രവേട്ട (വിച്ച് ഹണ്ടിങ്) നടത്തി: സാക്ഷികളെ ദ്രോഹിച്ചു. രാഷ്ട്രീയമായി പകപോക്കി; വസ്തുതകൾ വളച്ചൊടിച്ചു നീതിയുടെയും സ്വാഭാവിക ന്യായത്തിന്റെയും എല്ലാ തത്ത്വങ്ങളും ലംഘിച്ചു; എന്നിട്ടും സെയിൽസിങ്ങ് ഉത്തമവിശ്വാസത്തിനെതിരായി പ്രവർത്തിച്ചതിന്റെ ഒരുദാഹരണംപോലും കമ്മീഷനു കണ്ടെത്താൻ കഴിഞ്ഞില്ല' എന്ന് സെയിൽസിങ്ങിന്റെ രാഷ്ട്രീയവൈരിയായ പഞ്ചാബ് മുഖ്യമന്ത്രി ശ്രീ ദർബാറസിങ്ങ് പ്രസ്താവിച്ചിട്ടുണ്ട്.

ആലോചന കൂടാതെ പല മണ്ടത്തരങ്ങളും പറയാറുണ്ടെന്നതാണ് ശ്രീ സെയിൽസിങ്ങിനെതിരേ ഉന്നയിക്കപ്പെട്ടിരുന്ന മറെറാരു വസ്തുത. ഫലിതപ്രിയനായ അദ്ദേഹം പലപ്പോഴും ഒരു വിദൂഷകനെപ്പോലെ പെരുമാറിയിട്ടുള്ളതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഹിററ്ലറുടെ കർമ്മദക്ഷതയെ പാർലമെൻറിൽവെച്ച് അദ്ദേഹം പുകഴ്ത്തിയിട്ടുണ്ട്. ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞാൽ, ചൂലെടുത്തു തെരുവ് അടിച്ചുവാരാനും താൻ തയ്യാറാണെന്ന് അദ്ദേഹം പ്രസ്താവിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. നർമ്മരസം തുളുമ്പുന്ന ഉർദ്ദു ഈരടികൾ സംഭാഷണത്തിൽ അദ്ദേഹം ധാരാളമായി ഉദ്ധരിക്കാറുണ്ട്. ഡോക്ടർ രാധാകൃഷ്ണന്റെ ആധ്യാത്മികഗൗരവം ഈ പഞ്ചാബി ഗ്രാമീണകർഷകനിൽനിന്നു നാം പ്രതീക്ഷിക്കേണ്ടതില്ല എന്നേ ഇതിന്ന് അർത്ഥമാക്കേണ്ടതുള്ളു. പഞ്ചാബിലെ മണ്ണിന്റെയും അതിനു വളക്കൂറുണ്ടാക്കുന്ന ചാണകത്തിന്റെയും വൈക്കോലിന്റെയും മണം രാഷ്ട്രപതിഭവനിൽ കുറേക്കാലത്തേക്ക് അനുഭവപ്പെട്ടാൽ, നാം അതിൽ സന്തോഷിക്കയാണു വേണ്ടത്.

ഒരു മതന്യൂനപക്ഷമായ സിഖുകാർക്കിടയിൽ, എന്തു കാരണത്താലായാലും, ഇന്നു പരക്കെ അസംതൃപ്തിയുണ്ട്. രാഷ്ട്രത്തിലെ പരമോന്നത പദവി ഒരു സിഖുകാരനു പ്രത്യേകിച്ചും ഒരു 'ജ്ഞാനി'ക്കു നൽകപ്പെട്ടു എന്ന വസ്തുത ഈ അസംതൃപ്തിയെ ഒരളവുവരെ പരിഹരിക്കേണ്ടതാണ്.

രാഷ്ട്രപതിസ്ഥാനം വഹിക്കുന്നതിനുവേണ്ട 'യോഗ്യതയും ആദർശബോധവും, ലോകവിജ്ഞാനവും' ജ്ഞാനി സെയിൽസിങ്ങിന് ഉണ്ടെന്ന് ശ്രീമതി ഇന്ദിരാഗാന്ധി പ്രസ്താവിച്ചിട്ടുണ്ട്. തന്റെ പരിമിതികളെക്കുറിച്ചുള്ള ബോധവും, വിനയവും, ശ്രീ സെയിൽസിങ്ങിന്റെ സവിശേഷതകളാണ്. തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ആകാശവാണിക്കു നൽകിയ

കൂടിക്കാഴ്ചയിൽ, ഈ സ്ഥാനം വഹിക്കുന്നതിന് ആവശ്യമായ 'ശക്തിയും ബുദ്ധിയും' തനിക്കു നൽകാൻ അദ്ദേഹം ഈശ്വരനോടു പ്രാർത്ഥിക്കുകയുണ്ടായി. ഈ പ്രാർത്ഥനയിൽ രാഷ്ട്രത്തിനു മുഴുവൻ പങ്കുചേരാവുന്നതാണ്.

16 ജൂലായ്, 1982

## 27. ഇന്ത്യയെപ്പററി ഒരു ബ്രിട്ടീഷ് നിരീക്ഷകൻ

അടിയന്തരാവസ്ഥയെപ്പററി ഇന്ത്യയ്ക്ക് അകത്തും പുറത്തും ധാരാളം പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. ഇവയിൽ വീക്ഷണത്തിന്റെ വിശാലത, പ്രശ്നങ്ങളുടെ മർമ്മം കാണാനുള്ള കഴിവ്, തീക്ഷ്ണമായ ആശയാവിഷ്കരണരീതി എന്നിവകൊണ്ട് ഏററവും മികച്ചു നില്ക്കുന്ന ഒന്നാണ് ഡേവിഡ് സെൽബോൺ (David Selbourne) എന്ന ഇംഗ്ലീഷുകാരന്റെ 'ഇന്ത്യയിലേക്ക് ഒരു കണ്ണ്' (An Eye to India) എന്ന പുസ്തകം. 1937-ൽ ജനിച്ച സെൽബോൺ സാമാന്യം പ്രശസ്തിയുള്ള ഒരു നാടകകൃത്താണ്; അതിലേറെ ഉൾക്കാഴ്ചയോടെ ഇന്ത്യയേയും ചൈനയേയുംപററി പഠിച്ചുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യ രാഷ്ട്രതന്ത്രജ്ഞനുമാണ്. അദ്ദേഹം ചൈനയെപ്പററി എഴുതിയ 'ചൈനയിലേക്ക് ഒരു കണ്ണ്' (An Eye to China) എന്ന പുസ്തകവും (1975) പ്രസിദ്ധിയാർജിച്ചിട്ടുണ്ട്.

മാർച്ച് 15-ലെ 'ഇന്ത്യ ടു ഡേ' എന്ന വാരികയിൽ 'ഇന്ത്യയുടെ പ്രാധാന്യം' എന്ന ഒരു ചെറിയ ലേഖനം സെൽബോൺ എഴുതിയിട്ടുണ്ട്. ലോകത്തിലെ രാജ്യതന്ത്രജ്ഞന്മാർ ഇപ്പോൾ ഇന്ത്യയെ വീക്ഷിക്കുന്നതു് പരമമായ അവജ്ഞയോടെയാണെന്ന് ഇതിൽ സെൽബോൺ പറയുന്നു. ഇക്കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ ഇന്ത്യയെപ്പററി ലോകത്തിനുള്ള മതിപ്പു ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ രാഷ്ട്രീയവ്യവസ്ഥിതിയിൽ വന്നുകൂടിയ അധഃപതനവും, രാഷ്ട്രീയനേതാക്കളുടെ നൈതികവും ബുദ്ധിപരവുമായ താഴ്ന്ന നിലവാരവുമാണ് ഇന്ത്യയുടെ പ്രശസ്തി ഇങ്ങനെ ക്ഷയിക്കുന്നതിനുള്ള കാരണം.

ഇന്ത്യയിലേക്കു വരുംമുമ്പ് ചാർലസ് രാജകുമാരൻ ബ്രിട്ടനിലെ വിദേശകാര്യസിക്രട്ടറിയായ ലോർഡ് കാരിങ്ടനോട്, ഇന്ത്യയിൽ ചെന്നാൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയോട് എന്തു സംസാരിക്കണമെന്നു ചോദിച്ചുവത്രേ. 'ഓ, ഒന്നും സംസാരിക്കേണ്ട; ആ സ്ത്രീയെ നോക്കി ചുമ്മാ പുഞ്ചിരിച്ചാൽത്തന്നെ ധാരാളമായി' എന്നായിരുന്നുവത്രേ കാരിങ്ടന്റെ മറുപടി!

വിദേശീയ രാഷ്ട്രീയ നേതാക്കന്മാരിൽ പലർക്കും ഇന്ത്യയോടും ഇന്ത്യയുടെ നേതാക്കളോടും ഇത്തരം പുച്ഛമാണ് ഇപ്പോഴുള്ളതെന്ന് സെൽബോൺ പറയുന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള ഇന്ത്യൻ ഭരണകർത്താക്കളുടെ അഴിമതികളും വിവരക്കേടുകളും, തത്ഫലമായി ഇന്ത്യൻ സ്ഥാപനങ്ങൾക്ക് ആകെ വന്നുചേർന്ന കുത്തഴിവും ഇത്തരമൊരു വിലയിരുത്തലിനു സ്വാഭാവികമായും കളമൊരുക്കിയിരിക്കുന്നു.

ഇന്ത്യയിലെ ജനകോടികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളേയും സഹിക്കുന്ന അനീതികളെയും അസമത്വങ്ങളെയും കുറിച്ചുള്ള അസുഖകരമായ ബോധം ഈ വിലയിരുത്തലിനു കനം കൂട്ടുന്നു.

ഇന്ത്യയെപ്പററി അറിയാവുന്ന പാശ്ചാത്യർക്കിടയിൽ, ഇന്ത്യയുടെ